10 Rs. COURT FEE INDIA दस रुपये TEN RUPEES

COLLECTOR 16 JUL 2013 PATHANAMTHITTA

പ്രേഷകൻ - റഷീദ് സി.
തോലിയാനിക്കരയിൽവീട്
ആനപ്പാറ, പത്തനംതിട്ട - 689 645
ഫോൺ: 9961749878

സ്വീകർത്താവ് - സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
കളക്ട്രേറ്റ്, പത്തനംതിട്ട

വിഷയം - വിവരാവകാശ നിയമം- 2005

1. പത്തനംതിട്ട -കോഴഞ്ചേരി ജില്ലാ ആശുപത്രിയിലെ ചില ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണണമെന്ന് കാണിച്ച് ഞാൻ 24-06-2013 തീയതി രേഖപ്പെടുത്തി ബഹു. പത്തനംതിട്ട ജില്ലാ കളക്ടർ, ബഹു. പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), ബഹു. ജില്ലാ ആശുപത്രി സൂപ്രണ്ട് എന്നിവർക്ക് അയച്ച അപേക്ഷകളുടെയും, ആ അപേക്ഷകളിന്മേൽ ബഹു. ജില്ലാ കളക്ടർ, ബഹു. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), ബഹു. കോഴഞ്ചേരി ജില്ലാ ആശുപത്രി സൂപ്രണ്ട് എന്നിവർ ഓരോരുത്തരും സ്വീകരിച്ച മുഴുവൻ നടപടികളുടെയും രേഖകളുടെയും രേഖപ്പെടുത്തലുകളുടെയും ആഫീസ് കുറിപ്പ് ഉൾപ്പടെയുള്ള മുഴുവൻ പേജുകളുടെയും സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ നൽകുക.

2. ബഹു. ജില്ലാ കളക്ടർ ചെയർമാനായി എത്ര സമിതികൾ ജില്ലയിലുണ്ട്?. ഓരോ സമിതിയും 2005 ജനുവരി 1 മുതൽ നാളിതുവരെ കൂടിയിട്ടുള്ള തീയതികൾ അറിയിക്കുക.

3. ബഹു. ജില്ലാ കളക്ടർ ചെയർമാനായ മുഴുവൻ സമിതികളും എത്ര മാസത്തിനകം കൂടിയിരിക്കണമെന്നതിനെ സംബന്ധിച്ച എന്തെങ്കിലും നടപടി ക്രമങ്ങളുണ്ടോ?.

4. ബഹു. ജില്ലാ കളക്ടറുടെ ഓഫീസിലേക്ക് ശാരീരിക ന്യൂനതയുള്ളവരുടെ വീൽ ചെയർ പ്രവേശിക്കാനാകുംവിധം റാംപും 1995-ലെ വികലാംഗ സംരക്ഷണ നിയമം46-ാം വകുപ്പിൽ പറയുന്ന പ്രകാരമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്താൻ ഫണ്ട് അനുവദിക്കണമെന്ന് കാണിച്ച് പി.ഡബ്ല്യു.ഡി. ബഹു. ജില്ലാ കളക്ടർക്ക് നൽകിയ കത്തിന്റെയും കത്തിനോടൊപ്പം ഉള്ളടക്കം ചെയ്ത എസ്റ്റിമേറ്റിന്റെയും ആ കത്തിന്റെയും എസ്റ്റിമേറ്റിന്റെയും അടിസ്ഥാനത്തിൽ ഫണ്ട് അനുവദിക്കാൻ ബഹു. ജില്ലാ കളക്ടർ സ്വീകരിച്ച നടപടികളുടെയും രേഖകളുടെയും രേഖപ്പെടുത്തലുകളുടെയും സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ നൽകുക.

മേൽ ഖണ്ഡികകളിലെ വിവരങ്ങൾക്ക് വിവരാവകാശ നിയമപ്രകാരം മറുപടി നൽകുവാൻ അപേക്ഷിക്കുന്നു.

എന്ന്

റഷീദ് സി.

പത്തനംതിട്ട

12-07-2013